(ബി) 4-11-2000-ന് എരിമയൂർ ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിലുണ്ടായ കരാർ പ്രകാരം മുഴുവൻ ജലവിതരണ പദ്ധതികളും അതാത് പ്രദേശത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ശുദ്ധജല വിതരണ സമിതികൾ അഥവാ ട്രാൻസിറ്റ് മെയിന്റനസ് കമ്മിറ്റികൾക്ക് (ടി.എം.സി) കൈമാറിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ എത്ര ടി. എം. സി. കൾ എന്നു മുതൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ പ്രവർത്തനങ്ങൾ, അനുവദിച്ച ഫണ്ട്, രൂപീകരണം, അധികാരങ്ങൾ, ഭാരവാഹികൾ, നടത്തിപ്പുരീതി എന്നിവയെ സംബന്ധിച്ചുള്ള കാര്യങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ;

(ഡി) എരിമയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ടി.എം.സി.-കളുടേയും വിശദാംശങ്ങളും മുഴുവൻ ഭാരവാഹികളുടേയും പേരു വിവരങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) എരിമയൂർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന പദ്ധതികൾ 4-11-2000 മുതൽ എരിമയൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

1. എരിമയൂർ ശുദ്ധജല വിതരണ പദ്ധതി.
2. പുള്ളോട് ശുദ്ധജലവിതരണ പദ്ധതി.
3. കുനിശ്ശേരി ശുദ്ധജല വിതരണ പദ്ധതി.
4. പാറക്കുളം ശുദ്ധജല വിതരണ പദ്ധതി.
5. കുണ്ടുകാട് ശുദ്ധജല വിതരണ പദ്ധതി.

(ബി) ഉണ്ട്.

(സി&ഡി) പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഏഴ് ടി. എം. സി.കൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

എരിമയൂർ ഗ്രാമപഞ്ചായത്തിലെ ശുദ്ധജല വിതരണത്തിന്റെ പ്രവർത്തന പരിധി

62 (4870) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണം സംബന്ധിച്ച് എരിമയൂർ ഗ്രാമപഞ്ചായത്തിലെ ടി. എം. സി. ക്കും അയൽകൂട്ടങ്ങൾക്കും പ്രത്യേക പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ പദ്ധതികളെ സംബന്ധിച്ചിടത്തോളം ഓരോ ഗുണഭോക്തൃ സമിതിയിലും ഉൾപ്പെടുന്ന അംഗങ്ങൾ താമസിക്കുന്ന പ്രദേശമാണ് പ്രവർത്തന പരിധി. പക്ഷേ കെ. ഡബ്ല്യു. എ. പദ്ധതികൾ പുനരധിവാസം നടത്തുമ്പോൾ ജലസ്രോതസ്സിന്റെ ലഭ്യത, നിലവിലുള്ള പദ്ധതിയുടെ ഘടന, ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ, നിലവിലുള്ള പദ്ധതി കൂടുതൽ പ്രയോജനകരമാക്കാനുള്ള സാദ്ധ്യത എന്നീ കാര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് റ്റി. എം. സി. കൾ ഇക്കാര്യങ്ങൾ ചർച്ച ചെയ്താണ് പ്രവർത്തന പരിധി നിശ്ചയിക്കുന്നത്.

എരിമയൂർ ഗ്രാമപഞ്ചായത്തിൽ അയൽക്കൂട്ടങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ ജലവിതരണ പദ്ധതികൾ

63 (4671) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എരിമയൂർ ഗ്രാമപഞ്ചായത്തിൽ അയൽക്കൂട്ടങ്ങളുടെ കീഴിൽ കേരള റൂറൽവാട്ടർ സപ്ലൈ ഏജൻസി നടപ്പിലാക്കിയ എത്ര സ്വയംഭരണ ജലവിതരണ പദ്ധതികൾ ഉണ്ട് ; അവ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് ;

(ബി) അവയുടെ പ്രവർത്തനങ്ങൾ, ഭരണഘടന, അധികാരങ്ങൾ, ഭാരവാഹികൾ, അനുവദിച്ച ഫണ്ട്, നടത്തിപ്പുരീതി തുടങ്ങിയവ സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) എരിമയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അയൽക്കൂട്ട സ്വയംഭരണ ജലവിതരണ പദ്ധതികളുടെ വിശദാംശങ്ങളും മുഴുവൻ ഭാരവാഹികളുടെ പേര് വിവരങ്ങളും പ്രത്യേകമായി ലഭ്യമാക്കുമോ ?

ഉത്തരം

(എ) 31 പുതിയ പദ്ധതികളും 7 പുനരധിവാസ പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം 3 ആയി കൊടുത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly